## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.03.2025**

### പ്രധാനവാർത്തകൾ

1.) വികസനം കൈവരിക്കുന്നതിനൊപ്പം പരിസ്ഥിതി വിനാശത്തെ തടയുകയും വേണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2.) കോഴിക്കോട് റെയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് പുരോഗമിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

3.) സംസ്ഥാനത്ത് ലഹരി ഉപയോഗത്തിനും അക്രമവാസനയ്ക്കുമെതിരെ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നാളെ യോഗം.

4.) കേരള സർവ്വകലാശാലയിലെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം പരിഹാരം കാണുമെന്ന് വൈസ് ചാൻസലർ.

5.) ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഐപിഎല്ലിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - മുംബൈ ഇന്ത്യൻസിനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

**രാഷ്ട്രപതി - പരിസ്ഥിതി സമ്മേളനം**

വികസനം കൈവരിക്കുന്നതിനൊപ്പം പരിസ്ഥിതി വിനാശത്തെ തടയുകയും വേണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ ദേശീയ പരിസ്ഥിതി സമ്മേളനം - 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ദേശീയ ഹരിത ട്രൈബ്യൂണൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ പരിപാടിയിൽ പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച്ചയാകും.

&&&&&&&&&&&&&&&&&&

**പി.എം - മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 120-ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും മൻകി ബാത് തത്സമയം ലഭ്യമാകും. തുടർന്ന് പരിപാടിയുടെ പ്രാദേശിക പരിഭാഷയുമുണ്ടാകും.

RNU TVPM

&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

**റെയിൽവേ - ജോർജ്ജ് കുര്യൻ( ഇൻട്രോ )**

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് പുരോഗമിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. പ്രവർത്തികൾ 2027 ജൂണിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമെന്നും റെയിൽവേ സ്റ്റേഷൻ വികസനവുമായി ബന്ധപ്പെട്ട അവലോകന യോഗത്തിന് ശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. റെയിൽവേ സ്റ്റേഷനോടു ചേർന്ന് ഐ.ടി. ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണെന്ന് കേന്ദ്രസഹമന്ത്രി അറിയിച്ചു.

**( വോയിസ്....)**

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## ലഹരിക്കെതിരെ - യോഗം

ലഹരി ഉപയോഗവും അക്രമോത്സുകതയും വർധിക്കുന്നത് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം നാളെ. രാവിലെ നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് യോഗം. വിഷയവുമായി ബന്ധപ്പെട്ട് കർമപദ്ധതി തയ്യാറാക്കുന്നത് ലക്ഷ്യമിട്ട് വിദഗ്ധർ, വിദ്യാർത്ഥി-യുവജന പ്രതിനിധികൾ, സിനിമ-സാംസ്കാരിക-മാധ്യമ മേഖലകളിൽ നിന്നുള്ളവർ, അധ്യാപക-രക്ഷാകർതൃ സംഘടന പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## കേരളസർവകലാശാല - ഉത്തരപേപ്പർ

കേരള സർവ്വകലാശാലയിലെ എംബിഎ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ വൈസ് ചാൻസലർ പരീക്ഷ വിഭാഗത്തിൻ്റെ അടിയന്തര യോഗം വിളിച്ചു. ചൊവ്വാഴ്ചയാണ് യോഗം. വിദ്യാർത്ഥികൾക്ക് പ്രയാസം ഉണ്ടാകാത്ത തരത്തിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുമെന്ന് വിസി ഡോ. മോഹൻ കുന്നുമ്മൽ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ആശപ്രവർത്തകർ - സമരം

സംസ്ഥാനത്തെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം പത്താം ദിവസത്തിലേക്കു കടന്നു. സമരത്തിന്റെ ഭാഗമായി ആശമാർ തിങ്കളാഴ്ച മുടി മുറിച്ച് പ്രതിഷേധിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു. സെക്രട്ടേറിയറ്റിന് മുന്നിലും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ആശാ പ്രവർത്തകർ മുടി മുറിച്ച് പ്രതിഷേധിക്കും.

&&&&&&&&&&&&&&&&&&

## ഡോ. വന്ദനദാസ്

ഡോക്ടർ വന്ദനദാസ് വധക്കേസിൽ ഫോറൻസിക് വിദഗ്ധയുടെ വിസ്താരം പൂർത്തിയായി. കൊലയ്ക്ക് ഉപയോഗിച്ച ആയുധവുമായി പ്രതി സന്ദീപ് ആശുപത്രിയിൽ ആക്രമണം നടത്തിയതിന്റെ ദൃശ്യങ്ങൾ ഫോറൻസിക് വിദഗ്ധ തിരിച്ചറിഞ്ഞു. ഡോക്ടർ വന്ദനയും, ഒന്നാം സാക്ഷി ഡോക്ടർ ഷിബിനും പരിശോധിക്കുന്നതിന്റെ ദൃശ്യങ്ങൾ പ്രതി സ്വന്തം മൊബൈൽ ഫോണിൽ പകർത്തിയതും ഫോറൻസിക് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## കണ്ണൂർ - എഡിഎം. നവീൻബാബു

കണ്ണൂർ എ ഡി എം ആയിരുന്ന കെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണസംഘം ഇന്ന് കുറ്റപത്രം സമർപ്പിക്കും. കണ്ണൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം നൽകുക.

&&&&&&&&&&&&&&&&&&

## തൃശ്ശൂർ പൂരം - വെടിക്കെട്ട്

തൃശൂർ പൂരം വെടിക്കെട്ട് സംബന്ധിച്ച് കഴിഞ്ഞ ഒക്ടോബറിൽ കേന്ദ്രസർക്കാർ നടത്തിയ പെസോ നിയമ ഭേദഗതിയിൽ കേന്ദ്രതീരുമാനം ഉണ്ടാകാത്തതിനെ തുടർന്ന് വെടിക്കെട്ട് പ്രതിസന്ധിയിലെന്ന് പാറമേക്കാവ് ദേവസ്വം. ഫയർ ലൈനിലേക്ക് മാഗസിനിൽ നിന്ന് 200 മീറ്റർ അകലം എന്നതായിരുന്നു ഭേദഗതി. അതേസമയം, രാജ്യത്തെ വെടിക്കെട്ട് അപകടങ്ങൾ കണക്കിലെടുത്താണ് കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തിയതെന്നും തൃശൂർ പൂരം ഗംഭീരമായി നടത്തുമെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## മാസപ്പിറവി - യോഗം

ശവ്വാൽ മാസപ്പിറവി സംബന്ധിച്ച് ഏകീകൃത തീരുമാനമെടുക്കാൻ വിവിധ ജമാ അത്തുകളിലെ ഇമാമുമാരും മഹല്ല് ഭാരവാഹികളും നാളെ തിരുവനന്തപുരത്ത് യോഗം

PRIUTVPM

ചേരും. വൈകുന്നേരം 6.30 ന് പാളയം ജുമാ മസ്ജിദിലാണ് യോഗം.

&&&&&&&&&&&&&&&&&&

## റംസാൻ - വിഷു - കൈത്തറി

റംസാൻ - വിഷു ആഘോഷങ്ങളോടനുബന്ധിച്ച് കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ കൈത്തറി പ്രദർശന വിപണ മേള ആരംഭിച്ചു. ഇന്ന് വൈകിട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മേളയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിക്കും. വിവിധ ജില്ലകളിൽ നിന്നായി നാൽപതിലധികം കൈത്തറി ഉൽപാദക സഹകരണ സംഘങ്ങൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## മ്യാൻമാർ - ഭൂചലനം ദുരിതാശ്വാസം

മ്യാൻമാറിൽ കഴിഞ്ഞ ദിവസമുണ്ടായ വൻ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 1000 കടന്നു. രണ്ടായിരത്തോളം പേർക്ക് പരിക്കേറ്റു. റിക്ടർ സ്കെയിലിൽ 7.7 തീവ്രത രേഖപ്പെടുത്തിയ തുടർ ഭൂകമ്പങ്ങളിൽ വ്യാപക നാശനഷ്ടങ്ങളാണ് രേഖപ്പെടുത്തിയത്. തായ്‌ലൻഡിന്റെ തലസ്ഥാനമായ ബാങ്കോക്കിൽ ഭൂകമ്പത്തെ തുടർന്ന് അൻപതോളം പേരെ കാണാതായിട്ടുണ്ട്. അവശിഷ്ടങ്ങൾക്കിടയിൽ നിന്നും ആറ് മൃതദേഹങ്ങൾ കണ്ടെത്തി.

RNUTVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐ എസ് എൽ

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി 7.30 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഇന്ത്യൻ പ്രീമിയർ ലീഗിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7:30 ന് അഹമ്മദാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## കണ്ണൂർ - അറക്കൽ കൊട്ടാരം (ഇൻട്രോ)

കേരളത്തിലെ ഏക മുസ്ലീം രാജവംശമായിരുന്ന അറക്കൽ രാജവംശത്തിൻറെ ആസ്ഥാനമായ കണ്ണൂരിലെ അറക്കൽ കൊട്ടാരം നവീകരിക്കുന്നു. ഏഴ് കോടിയോളം രൂപയാണ് നവീകരണത്തിനായി നീക്കിവെച്ചിട്ടുള്ളത്.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.........**

(വോയ്സ്)

&&&&&&&&&&&&&&&&&&

RNU TVPM

## തെക്കൻ കുരിശുമല തീർത്ഥാടനം

തെക്കൻ കുരിശുമല തീർത്ഥാടനത്തിന് നാളെ തിരുവനന്തപുരത്ത് കൊടിയേറും. നാളെ ഉച്ചയ്ക്ക് വെള്ളറടയിൽ നിന്ന് പ്രത്യാശയുടെ കുരിശിന്റെ വഴി ആരംഭിക്കും.

വൈകുന്നേരം നെയ്യാറ്റിൻകര രൂപതാ ബിഷപ് വിൻസൻ്റ് സാമുവൽ പതാക ഉയർത്തും. തുടർന്ന് നടക്കുന്ന സമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന തീർത്ഥാടനത്തിന്റെ ആദ്യ ഘട്ടം നാളെ മുതൽ ഏപ്രിൽ ആറുവരെയും രണ്ടാം ഘട്ടം ഏപ്രിൽ 17,18 തീയതികളിലും നടക്കും.

&&&&&&&&&&&&&&&&&&

## പത്തനംതിട്ട - വാർഷിക പരീക്ഷ (ഇൻട്രോ)

ഏഴു വർഷമായി മുടങ്ങാതെ വാർഷിക പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തി കുട്ടികൾക്ക് ഉത്തരക്കടലാസു നൽകി മാതൃകയായി പത്തനംതിട്ട ഓമല്ലൂർ പന്യാലി ഗവ. യു.പി സ്കൂൾ. വാർഷിക പരീക്ഷകളുടെ ഫലം സമയബന്ധിതമായി

രക്ഷിതാക്കളേയും കുട്ടികളേയും അറിയിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിക്കുന്നതിനു വർഷങ്ങൾക്ക് മുൻപ് മുതലേ ഈ സ്കൂളിൽ ഇതൊരു പതിവാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ......**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

**വി.മുരളീധരൻ**

അനധികൃത കുടിയേറ്റം തടയൽ നിയമം കേരളത്തിൽ കർശനമായി നടപ്പാക്കണമെന്ന് മുൻ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ. ലഹരിക്കെതിരായ പോരാട്ടത്തെ സിപിഎമ്മും കോൺഗ്രസും ദുർബലമാക്കരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തിരുവനന്തപുരത്തു മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**കാസർകോട് - എം.ഡി.എം.എ**

കാസർഗോഡ് ഓട്ടോറിക്ഷയിൽ ലഹരി കടത്തിയ യുവാവ് അറസ്റ്റിൽ. ചെങ്കള ചെറുകരയിലെ മുഹമ്മദ് അബൂബക്കർ സിദ്ദിഖ് ആണ് അറസ്റ്റിലായത്. 280 ഗ്രാം MDMA യും 27 ഗ്രാം കഞ്ചാവും പിടിച്ചെടുത്തു.

&&&&&&&&&&&&&&&&&&

**തൊടുപുഴ - സംഘർഷം**

തൊടുപുഴയിൽ വിദ്യാർത്ഥി സംഘർഷം നിയന്ത്രിക്കാനെത്തിയ പോലീസിൻ്റെ കൃത്യനിർവ്വഹണം തടസപ്പെടുത്തിയ കേസിൽ ഏഴ് എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ ജാമ്യമില്ല വകുപ്പ് ചുമത്തി. ന്യൂമാൻ കോളജിലെ സംഘർഷവുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുത്ത പ്രവർത്തകനെ ബലമായി മോചിപ്പിച്ചത് ഉൾപ്പെടെയാണ് കേസ്. പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവത്തിൽ CPIM ഏരിയ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ 25 പേർക്കെതിരെ കേസെടുത്തു.

&&&&&&&&&&&&&&&&&&

RNU TVPM

## <u>കണ്ണൂർ - അറസ്റ്റ് ചെയ്തു</u>

കണ്ണൂർ മട്ടന്നൂർ ചാവശ്ശേരിയിൽ നിന്ന് സ്കൂട്ടർ മോഷ്ടിച്ചയാളെ പാലക്കാട് റയിൽവേ സ്റ്റേഷനിൽ വെച്ച് മട്ടന്നൂർ പോലീസ് പിടികൂടി. തൃശൂർ മേലെപുരക്കൽ അഭിജിത് ആണ് പിടിയിലായത്. 65 ഓളം സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&&

RNU TVPM